# കൈത്താക്കാലം
## വചന വിചിന്തനം
### ഏലിയക്കാലം : ഒന്നാം ഞായർ
### ലൂക്കാ 19,1–10

"നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും.
വഴി തെറ്റിപ്പോയതിനെ ഞാൻ തിരിയെക്കൊണ്ടുവരും;
മുറിവേറ്റതിനെ ഞാൻ വച്ചുകെട്ടും.
ബലഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും" (എസക്കി 34,16).
ക്രിസ്തു പ്രവചനങ്ങളുടെ പൂർത്തീകരണമാണെന്ന് തിരിച്ചറിയാൻ
ക്രിസ്തുവിനെയും സക്കേവൂസിനെയും ചേർത്തുവച്ചാൽ മതി!

സക്കേവൂസ്
സ്വന്തമാക്കിയ രക്ഷ
അയ്യാൾക്ക് മാത്രം
അവകാശപ്പെട്ടതല്ല.
മറിച്ച്,
ഒരു വ്യക്തിയിലൂടെ
ഒരു കുടുംബം
മുഴുവൻ
രക്ഷ പ്രാപിക്കുന്നു!

രക്ഷയിലേയ്ക്കുള്ള അകലം എത്രയാണെന്ന് ചോദിച്ചാൽ അതു പങ്കുവയ്പ്പിലേയ്ക്കുള്ള അകലം മാത്രമെയൊള്ളു. സക്കേവൂസ് തന്റെ സമ്പാദ്യത്തെ പങ്കുവച്ചപ്പോൾ കർത്താവ് സക്കേവൂസിനെയും അവന്റെ കുടുംബത്തെയും രക്ഷ നൽകി അനുഗ്രഹിക്കുന്നു. "സക്കേവൂസ് എഴുന്നേറ്റു പറഞ്ഞു: കർത്താവേ, ഇതാ, എൻെറ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ, നാലിരട്ടിയായി തിരിച്ചു കൊടുക്കുന്നു. യേശു അവനോടു പറഞ്ഞു: ഇന്ന് ഈ ഭവനത്തിനു രക്ഷ ലഭിച്ചിരിക്കുന്നു. ഇവനും അബ്രാഹത്തിൻെറ പുത്രനാണ" (ലൂക്കാ 19,8-9). സമ്പത്ത് നഷ്ടപ്പെടുത്തുന്ന സ്വർഗ്ഗരാജ്യത്തെ കുറിച്ച് ലൂക്കാ സുവിശേഷകൻ വാചനലായ അത്രയ്ക്ക് വേറെ ഒരു സുവിശേഷകനും വാചാലനായിട്ടില്ല.

"സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത് എത്ര ദുഷ്കരം! ധനികൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടന്നുപോകുന്നതാണ്" (ലൂക്കാ 18,24). ധനികൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കില്ല എന്നല്ല കർത്താവ് പറഞ്ഞ് വയ്ക്കുന്നത്. മറിച്ച്, ധനികൻ സ്വർഗ്ഗരാജ്യം സ്വന്തമാക്കാൻ ഏറെ കഷ്ടപ്പെടണം എന്നാണ് പറഞ്ഞ് വയ്ക്കുന്നത്. ഒട്ടകത്തിന് സൂചികുഴയിലൂടെ കടക്കാൻ സാധിക്കും. ഒട്ടകത്തിന് കടക്കാൻ പാകത്തിന് വലുപ്പമുള്ള സൂചികുഴ ഉണ്ടാക്കിയാൽ മതി. പക്ഷെ, അത് പ്രയാസകരമായ ഒന്നാണ്. അതുകൊണ്ടാണ് ക്രിസ്തു പറഞ്ഞ് വച്ചത് ധനികൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചികുഴയിലൂടെ കടന്നുപോകുന്നതാണെന്ന്. ഒന്നുറപ്പാണ്, പങ്കുവയ്ക്കാത്ത ധനം എനിക്കുണ്ടെങ്കിൽ അത് ദൈവരാജ്യത്തെ എന്നിൽ നിന്നകറ്റും.

കർത്താവ് സക്കേവൂസിനോട് പറയുന്നു: ഇന്ന് ഈ ഭവനത്തിനു രക്ഷ ലഭിച്ചിരിക്കുന്നു. ഇവനും അബ്രാഹത്തിൻെറ പുത്രനാണ" (ലൂക്കാ 19,8-9). തന്റെ സമ്പാദ്യം താൻ വഞ്ചിച്ചെടുത്തവരുമായി പങ്കുവച്ചപ്പോൾ, തന്റെ സ്വത്തിന്റെ പകുതി ദരിദ്രരുമായി പങ്കുവച്ചപ്പോൾ കർത്താവ് സക്കേവൂസിന് നൽകിയ സമ്മാനത്തിന്റെ പേരാണ് "രക്ഷ!" എങ്കിൽ, രക്ഷ ആഗ്രഹിക്കുന്നവർക്കു മുമ്പിൽ കർത്താവ് സമ്മാനിക്കുന്ന ഏക വഴിയും ഇതുമാത്രമാണ്. തന്റേതെന്നു കരുതുന്ന സമ്പാദ്യങ്ങൾ പാവപ്പെട്ടവരും

പഥിതരുമായി പങ്കുവയ്ക്കുക. ഇതിൽ വിജയിക്കുന്നവർക്ക്, തീർച്ചയായും, സ്വർഗ്ഗം സ്വന്തമാക്കാൻ സാധിക്കും.

സക്കേവൂസിന് തന്റെ യൗവനത്തിൽ തേന്നിയ വെളിപാട് ഇന്ന് നമ്മുക്ക് ലഭിക്കുന്നത് വയോധികനായതിന് ശേഷമാണ്. അറിവുകളെ തിരിച്ചറിവുകളാക്കാൻ നാം മറന്ന് പോകുന്നു. ജീവിതം സുഖിക്കാനുള ളത് മാത്രമാണെന്ന് ബോദ്ധ്യത്തിൽ നാം പാവപ്പെട്ടവരെയും പഥിതരെയും മറന്ന് പോകുന്നു. പങ്കുവയ്ക്കാൻ കർത്താവ് ഏറെ തന്നിട്ടും ഇനിയും വെട്ടിപിടിക്കാനും പിടിച്ചടയ്ക്കാനും ഏറെയുണ്ട് എന്നുള്ള പൊള്ളയായ യാഥ്യാർത്ഥ്യത്തിന്റെ പിന്നാലെ നാം യാത്ര ചെയ്യുന്നു. പക്ഷെ, വെട്ടിപിടി ച്ചതൊന്നും നേട്ടങ്ങളല്ലായെന്നും നഷ്ടങ്ങളായിരുന്നുവെന്ന് തിരിച്ചറിയു മ്പോഴെയ്ക്കും ജീവിതം അസ്തമിച്ചിരിക്കും.

ദൈവം ആദ്യ ദിവസം കാളയെ സൃഷ്ടിച്ചു, എന്നിട്ട് പറഞ്ഞു; "നീ ഭൂമിയിൽ പോയി സൂര്യനുകീഴിൽ കഠിനമായി അദ്ധ്വാനിക്കുക. നിനക്കു ഞാൻ 60 വർഷത്തെ ആയുസ്സ് തരുന്നു."

കാള പറഞ്ഞു; "ഇത്ര കഠിനമായ ജീവിതവുമായി എന്തിനാണ് 60 വർഷത്തെ ആയുസ്? എനിക്ക് 20 വർഷം മതി. ബാക്കി 40 അങ്ങ് തിരിച്ചെടുത്തോളു."

ദൈവം അപ്രകാരം ചെയ്തു. രണ്ടാം ദിവസം ദൈവം പട്ടിയെ സൃഷ്ടിച്ചു, എന്നിട്ട് പറഞ്ഞു; "എന്നും വീട്ടുവാതിൽക്കൽ കാവൽ കിടക്കുക. അരികിൽ കൂടെ ആരു പോയാലും കുരയ്ക്കുക. നിനക്ക് ഞാൻ 20 വർഷത്തെ ആയുസ് തരുന്നു."

പട്ടി പറഞ്ഞു; "20 വർഷം കുരച്ചു കൊണ്ടു ജീവിയ്ക്കാൻ വയ്യ പ്രഭോ. എനിയ്ക്ക് 10 വർഷം മതി. ബാക്കി 10 അങ്ങ് തിരിച്ചെടുത്തോളു."

ദൈവം അപ്രകാരം ചെയ്തു. മൂന്നാം ദിവസം ദൈവം കുരങ്ങനെ സൃഷ്ടിച്ചു, എന്നിട്ട് പറഞ്ഞു; "നീ പോയി ചാടിയും കളിച്ചും എല്ലാവരെയും സന്തോഷിപ്പിയ്ക്കൂ. നിനക്ക് 20 വർഷം ആയുസ്സു തരുന്നു."

കുരങ്ങൻ തിരിച്ച് പറഞ്ഞു; "മറ്റുള്ളവരെ സന്തോഷിപ്പിച്ച് 20 വർഷം എങ്ങനെ ജീവിയ്ക്കും? അങ്ങ് പട്ടിയ്ക്കു കൊടുത്ത അത്രയും മതി എനിയ്ക്കും ആയുസ്സ്. ബാക്കി 10 തിരിച്ചെടുത്തോളു."

ദൈവം അപ്രകാരം ചെയ്തു. നാലാം ദിവസം ദൈവം മനു ഷ്യനെ സൃഷ്ടിച്ചു, എന്നിട്ട് പറഞ്ഞു; "നീ പോയി തിന്നുക, കുടിയ്ക്കുക, ഉല്ലസിയ്ക്കുക, ഉറങ്ങുക, ഒരു ജോലിയും ചെയ്യാതിരിയ്ക്കുക. നിനക്കു ഞാൻ 20 വർഷം ആയുസ്സ് തരുന്നു."

മനുഷ്യൻ തിരിച്ച് പറഞ്ഞു; "എന്ത്! വെറും 20 വർഷമോ? കാളയുടെ 40 ഉം പട്ടിയുടെയും കുരങ്ങിന്റെയും 10 വീതവും എന്റെ 20 ഉം കൂട്ടി മൊത്തം 80 എനിയ്ക്കു തരവോ?"

ദൈവം സമ്മതിച്ചു.

ദൈവം മനുഷ്യനു 80 വർഷത്തെ ആയുസ്സു നല്കി.

അങ്ങനെ മനുഷ്യൻ ആയുസ്സിൽ ആദ്യത്തെ 20 വർഷം തിന്നും കുടിച്ചും കളിച്ചും സന്തോഷിച്ചും ജീവിയ്ക്കുന്നു. പിന്നെയുള്ള 40 വർഷം കുടുംബത്തിനു വേണ്ടി കാളയെ പോലെ അധ്വാനിച്ചും വിയർപ്പൊഴുക്കിയും ജീവിയ്ക്കുന്നു. അടുത്ത 10 വർഷം കുരങ്ങിനെ പോലെ കൊച്ചുമക്കളെ ചിരിപ്പിച്ചും കളിപ്പിച്ചും രസിപ്പിച്ചും ജീവിയ്ക്കുന്നു. അവസാനത്തെ 10

സക്കേവൂസ് നൽകുന്ന വലിയ പാഠം, തടസ്സങ്ങൾ അതിജീവിക്കുന്ന വർക്കാണ് ക്രിസ്തു തിരുമുഖദർശനം നൽകുന്നത് എന്നുളളതാണ്.

വർഷം വീട്ടുവാതിൽക്കൽ നായയെ പോലെ കുരച്ചും ജീവിയ്ക്കുന്നു!"

വളരെ ചിന്തനീയം ആയ ഒരു കഥയായി ഇതിനെ തോന്നുകയാണ്. സത്യത്തിൽ ഇതു തന്നെയല്ലെ ജീവിത്തിൽ സംഭവിക്കുന്നത്. ഏറ്റവും അവസാനത്തെ പത്തു വർഷം നായയെപ്പോലെ വീട്ടുവാതിൽക്കൽ കുരച്ച് ജീവിക്കുമ്പോഴാണ് പലർക്കും വെളിപാടുണ്ടാകുന്നത്. വെട്ടിപിടിച്ചതൊന്നും നേട്ടങ്ങളല്ലായിരുന്നുവെന്ന്. പിന്നെ, ഒരു ധ്യാനകേന്ദ്രത്തിൽ നിന്ന് മറ്റൊരു ധ്യാനകേന്ദ്രത്തിലേയ്ക്ക് തീർത്ഥാടനമാണ്. ചെയ്തുകൂട്ടിയതെല്ലാം കഴുകികളയാൻ.

അണലിസന്തതികളേ, ആസന്നമായ ക്രോധത്തിൽനിന്ന് ഓടിയകലുവിൻ... മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവിൻ എന്ന് മരുഭൂമിയിൽ വിളിച്ച് പറഞ്ഞ സ്നാപകയോഹന്നാന്റെ മുമ്പിൽ സ്നാനം സ്വീകരിക്കാൻ വന്നവർ ചോദിച്ച ചോദ്യം ഒന്നുമാത്രമായിരുന്നു; "ജനക്കൂട്ടം അവനോടു ചോദിച്ചു: ഗുരോ, ഞങ്ങൾ എന്തു ചെയ്യണം?" (ലൂക്കാ 3,10). ഇതിന് സ്നാപകയോഹന്നാൻ മറുപടി പറയുന്നത് ഇപ്രകാരമാണ്;

"വൃക്ഷങ്ങളുടെ വേരിനു കോടാലിവയ്ക്കപ്പെട്ടു കഴിഞ്ഞു. നല്ല ഫലം നൽകാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിൽ എറിയപ്പെടും. രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവനു കൊടുക്കട്ടെ. ഭക്ഷണം ഉള്ളവനും അങ്ങനെ ചെയ്യട്ടെ. ചുങ്കക്കാരും സ്നാനം സ്വീകരിക്കാൻ വന്നു. അവരും അവനോടു ചോദിച്ചു: ഗുരോ, ഞങ്ങൾ എന്തു ചെയ്യണം? അവൻ പറഞ്ഞു: നിങ്ങളോട് ആജ്ഞാപിച്ചിട്ടുള്ളതിൽ കൂടുതൽ ഈടാക്കരുത്" (ലൂക്കാ 3,9-13).

സമ്പത്തിന് വേണ്ടി കുടുംബത്തെയും ബന്ധങ്ങളെയും ദൈവത്തെയും വെടിഞ്ഞവൻ ദൈവത്തിന് വേണ്ടി സമ്പത്തിനെ വെടിഞ്ഞപ്പോൾ അവനെ ദൈവം അനേകമടങ്ങ് അനുഗ്രഹിക്കുന്നു!

സ്നാനം സ്വീകരിച്ച ചുങ്കക്കാർ എന്തു ചെയ്തുവെന്ന് വചനം സാക്ഷ്യപ്പെടുത്തുന്നില്ല. പക്ഷെ, ക്രിസ്തുവിന്റെ പാദാന്തികത്തിലിരുന്ന് വചനം കേൾക്കുകയും ക്രിസ്തുവിന് വിഭവങ്ങൾ സമ്മാനിക്കുകയും ചെയ്ത സക്കേവൂസ് എന്നുള്ള ചുങ്കുക്കാരൻ തന്റെ സമ്പാദ്യം പാവപ്പെട്ടവരും പഥിതരുമായി പങ്കുവച്ചു. ഫലമോ, സ്നാപകയോഹന്നാൻ പ്രഖ്യാപിച്ച ദൈവരാജ്യരക്ഷയ്ക്ക് അവൻ അർഹനായി. എങ്കിൽ, ഒന്നുറപ്പാണ്. "പങ്കുവയ്ക്കാത്ത ധനം "രക്ഷ" എന്നിൽ നിന്നെടുത്ത് കളയുമ്പോൾ, പങ്കുവയ്ക്കുന്ന ധനം "രക്ഷ" എന്നിലേയ്ക്ക് കൊണ്ടുവരും."

"ഞാൻ വന്നിരിക്കുന്നത് നീതിമാൻമാരെ വിളിക്കാനല്ല,
പാപികളെ പശ്ചാത്താപത്തിലേക്കു ക്ഷണിക്കാനാണ്!"

ലൂക്കാ 5,33



ഫാ. ജോബി മേനോത്ത്
+91 944 7777 931